## ഇ.പി.എഫ്.ഒ. – യിൽ നിന്ന് രേഖകൾ വിളിച്ചുവരുത്തണമെന്ന അപേക്ഷ പരിഗണിക്കാതെ അപ്പീൽ തീർപ്പാക്കിയത് തെറ്റായ നടപടി

### മദ്രാസ് ഹൈക്കോടതി

W.P. No. 2307/2011 Dt. 6.1.2021

പ്രഭു സ്പിന്നിങ് മിൽസ് (പി) ലിമിറ്റഡ്

x

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ

നൂറിലധികം സ്പിന്നിങ് മില്ലുകൾ പ്രവർത്തിക്കുന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്നതാണ് പ്രഭു സ്പിന്നിങ് മിൽ. നിരവധി വിദഗ്ദ്ധ തൊഴിലാളികളെ ആവശ്യമുള്ളതിനാൽ വേണ്ടത്ര വിദഗ്ദ്ധ തൊഴിലാളികളെ ഓരോ ഫാക്ടറിയിലും ലഭിക്കുക പ്രയാസമാണ്. അതിനാൽ ഗ്രാമീണരെ അപ്രന്റീസുമാരായി നിയമിച്ചാണ് മില്ലിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നത്. ഇപ്രകാരം അപ്രന്റീസുമാരെ നിയമിക്കാൻ സ്ഥാപനത്തിന്റെ അംഗീകൃത സ്റ്റാന്റിങ് ഓർഡേഴ്സിൽ വ്യവസ്ഥയുണ്ട്. മൂന്ന് വർഷത്തെക്കാണ് അപ്രന്റീസുമാരെ നിയമിക്കുന്നത്. അക്കാലത്ത് കമ്പനി അവർക്ക് പരിശീലനം നല്കുന്നുണ്ട്. ക്ഷാമ ബത്ത, ബോണസ്, അലവൻസുകൾ എന്നിവ അപ്രന്റീസുമാർക്ക് നല്കുന്നില്ല. ഇ.പി.എഫ്. നിയമം ബാധകമായ സ്ഥാപനം അപ്രന്റീസുമാരെ ഒഴിച്ച് ബാക്കി എല്ലാ തൊഴിലാളികളെയും ഇ.പി.എഫ്. പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. മാത്രമല്ല സ്ഥാപനം മുടക്കം കൂടാതെ കൃത്യമായി വിഹിതമടയ്ക്കുന്നുമുണ്ട്. അപ്രകാരമിരിക്കെ എൻഫോഴ്സ്മെന്റ് ഓഫീസർ കമ്പനിയിൽ പരിശോധന നടത്തുകയും അപ്രന്റീസുമാരെ ഇ.പി.എഫ്. പദ്ധതിയിൽ ചേർക്കേണ്ടതാണെന്ന് സൂചിപ്പിച്ച് കമ്മീഷണർക്ക് റിപ്പോർട്ട് നല്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്തിയ കമ്മീഷണർ സ്ഥാപനത്തിന്റെ വിശദീകരണവും സ്ഥാപനം ഹാജരാക്കിയ രജിസ്റ്ററുകളും മറ്റു രേഖകളും തീർത്തും അവഗണിച്ചുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. അപ്രന്റീസുമാരെയും തൊഴിലാളികളായി കണക്കാക്കിയ കമ്മീഷണർ 2005 മുതൽ 2008 വരെയുള്ള കാലയളവിലെ കുടിശികയായി 12,04,101 രൂപ സ്ഥാപനം നല്കണമെന്നാണ് ഉത്തരവിൽ വ്യക്തമാക്കിയത്. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ സമർപ്പിച്ചു. അപ്പീൽ പരിഗണനയിലിരിക്കെ ഇ.പി.എഫ്. കമ്മീഷണറുടെ പക്കലുള്ള ചില രേഖകൾ വിളിച്ചുവരുത്തണമെന്നാവശ്യപ്പെട്ട് മേനേജ്മെന്റ് അപേക്ഷ നല്കി. അത് പരിഗണിക്കാതെ അന്തിമ വാദം കേട്ട ട്രൈബ്യൂണൽ അപ്പീൽ തള്ളിക്കളഞ്ഞു. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സ്ഥാപനത്തിന്റെ ഇടക്കാല ഹർജി തീർപ്പാക്കാതെയും ആവശ്യമായ രേഖകൾ പരിശോധിക്കാതെയും അപ്പീൽ തള്ളിക്കളഞ്ഞത് തെറ്റായ നടപടിയാണെന്ന് വിലയിരുത്തിയ ഹൈക്കോടതി സ്ഥാപനത്തിന്റെ അപ്പീൽ അനുവദിക്കുകയും ട്രൈബ്യൂണലിന്റെ വിധി റദ്ദാക്കുകയും നിയമാനുസൃതം വീണ്ടും വാദം കേട്ടും രേഖകൾ വരുത്തി പരിശോധിച്ചും പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ ട്രൈബ്യൂണലിന് നിർദ്ദേശം നല്കുകയും ചെയ്തു.